സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 186 2024 നവംബർ 11 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

### സെമിത്തേരിക്ക് താഴെ ഹിസ്ബുള്ളയുടെ തുരങ്കം; തകർത്ത് ഇസ്രയേൽ

ടെൽഅവീവ്: ലെബനനിലെ ഹിസ്ബുള്ളയുടെ തുരങ്കം നശിപ്പിച്ച് ഇസ്രയേൽ പ്രതിരോധസേന. കിലോമീറ്ററുകൾ നീളമുള്ള ഈ തുരങ്കം സെമിത്തേരിക്ക് താഴെയാണ് ഇസ്രയേൽ സേന കണ്ടെത്തിയത്.

നിരവധി സൈനിക ഉപകരണങ്ങളും ഡസൻ കണക്കിന് ആയുധങ്ങളും തുരങ്കത്തിലുണ്ടായിരുന്നു. ഉറങ്ങാൻ പ്രത്യേക സൗകര്യവും തുരങ്കത്തിൽ ഒരുക്കിയിട്ടുണ്ട്. ഇതിന്റെ വീഡിയോ ഇസ്രയേൽ പ്രതിരോധ സേന എക്സിൽ പങ്കുവെച്ചു.

## സഞ്ജീവ് ഖന്ന ചീഫ് ജസ്റ്റിസായി ചുമതലയേറ്റു; സുപ്രീം കോടതിയിലേക്കുള്ള കേരള ജഡ്ജി ആര്?

ന്യൂഡൽഹി: ഇന്ത്യയുടെ 51-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സഞ്ജീവ് ഖന്ന സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലികൊടുത്തു. 2025 മെയ് 13 വരെ ജസ്റ്റിസ് സഞ്ജീവ് ഖന്ന ചീഫ് ജസ്റ്റിസ് പദവിയിൽ തുടരും.

രാജ്യത്തിന്റെ ചീഫ് ജസ്റ്റിസ് പദവി ഇന്ദിര ഗാന്ധി നിഷേധിച്ച ജസ്റ്റിസ് എച്ച് ആർ ഖന്നയുടെ സഹോദരി പുത്രനാണ് ജസ്റ്റിസ് സഞ്ജീവ് ഖന്ന. ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ പിതാവ് ദേവ് രാജ് ഖന്ന ഡൽഹി ഹൈക്കോടതി ജഡ്ജി ആയിരുന്നു. 2019 ജനുവരിയിലാണ് സഞ്ജീവ് ഖന്നയെ സുപ്രീംകോടതി ജഡ്ജിയായി ഉയർത്തുന്നത്. അതിന് മുമ്പ് 14 വർഷം ഡൽഹി ഹൈക്കോടതി ജഡ്ജി ആയിരുന്നു.

ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് വിരമിച്ചതിനെ തുടർന്ന് സുപ്രീം കോടതി കൊളീജിയത്തിലുണ്ടായ ഒഴിവിലേക്ക് ജസ്റ്റിസ് അഭയ് എസ് ഓക എത്തും. 2021 ഓഗസ്റ്റിൽ സുപ്രീം കോടതി ജഡ്ജിയായ ജസ്റ്റിസ് ഓക, അതിന് മുമ്പ് കർണാടക ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്നു. മഹാരാഷ്ട്രയിലെ താനെ സ്വദേശിയാണ് ജസ്റ്റിസ് അഭയ് എസ് ഓക. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, ജസ്റ്റിസുമാരായ ബി ആർ ഗവായ്, സൂര്യകാന്ത്, ഹൃഷികേശ് റോയ്, അഭയ് എസ് ഓക എന്നിവർ അടങ്ങുന്നതാണ് പുതിയ സുപ്രീം കോടതി കൊളീജിയം.

സുപ്രീം കോടതിയിൽ നിലവിൽ ജഡ്ജിമാരുടെ രണ്ട് ഒഴിവുകളാണ് ഉള്ളത്. ആ ഒഴിവുകൾ നികത്താനുള്ള ശുപാർശ തയ്യാറാക്കാൻ സുപ്രീം കോടതി കൊളീജിയം ഉടൻ യോഗം ചേരും.

ജസ്റ്റിസ് സഞ്ജീവ് ഖന്ന ചീഫ് ജസ്റ്റിസ് ആയിരിക്കുന്ന കാലയളവിൽ ആണ് ജസ്റ്റിസ് സി.ടി രവികുമാർ സുപ്രീം കോടതിയിൽ നിന്ന് വിരമിക്കുന്നത്. സുപ്രീം കോടതി ജഡ്ജിയായി ഉയർത്തപ്പെട്ടില്ലെങ്കിൽ പട്ന ഹൈക്കോടതി ചീഫ് ജസ്റ്റിസ് കെ വിനോദ് ചന്ദ്രൻ വിരമിക്കുന്നതും ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ കാലയളവിൽ ആയിരിക്കും. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ കാലയളവിൽ സുപ്രീം കോടതി ജഡ്ജിമാരുടെ നാല് ഒഴിവുകൾ ആണ് നികത്താൻ സാധ്യത. ജസ്റ്റിസ് ഹിമ കോഹ്ലി, ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് എന്നിവരുടെ ഒഴിവുകൾക്ക് പുറമെ ജനുവരിയിൽ ജസ്റ്റിസുമാരായ സി.ടി രവികുമാറും ഹൃഷികേശ് റോയിയും വിരമിക്കും.

സുപ്രീം കോടതിയിൽ നിലവിൽ കേരള ഹൈക്കോടതി മാതൃ ഹൈക്കോടതിയായുള്ള ഏക ന്യായാധിപൻ ജസ്റ്റിസ് സി.ടി രവികുമാറാണ്. 2025 ജനുവരി അഞ്ചിന് ജസ്റ്റിസ് രവികുമാർ വിരമിക്കും. രാജ്യത്തെ വിവിധ ഹൈക്കോടതി ചീഫ് ജസ്റ്റിസ്മാരിൽ കേരള ഹൈക്കോടതി മാതൃ ഹൈകോടതിയായ ന്യായാധിപൻ പട്ന ഹൈക്കോടതി ചീഫ് ജസ്റ്റിസ് കെ വിനോദ് ചന്ദ്രനാണ്. സുപ്രീം കോടതി ജഡ്ജിയായി ഉയർത്തപ്പെട്ടില്ല എങ്കിൽ അടുത്ത വർഷം ഏപ്രിൽ 24 ന് വിരമിക്കും.

കേരള ഹൈക്കോടതിയിൽ നിന്നുള്ള ജഡ്ജിമാരിൽ ആരെങ്കിലുമൊക്കെ സമീപ മാസങ്ങളിൽ തന്നെ സുപ്രീം കോടതി ജഡ്ജിയായി ഉയർത്തപ്പെടാൻ ആണ് സാധ്യത. പട്ന ഹൈക്കോടതി ചീഫ് ജസ്റ്റിസ് കെ വിനോദ് ചന്ദ്രനാണ് സീനിയോറിറ്റിയിൽ ഒന്നാമനായ കേരള ജഡ്ജി. 2011 നവംബറിൽ ആണ് കേരള ഹൈകോടതി ജഡ്ജിയായി ജസ്റ്റിസ് കെ വിനോദ് ചന്ദ്രൻ നിയമിതനാകുന്നത്. ജസ്റ്റിസുമാരായ മുഹമ്മദ് മുഷ്താഖ്, എ കെ ജയശങ്കർ നമ്പ്യാർ, അനിൽ കെ. നരേന്ദ്രൻ എന്നിവരാണ് സീനിയോറിറ്റിയിൽ രണ്ടും മൂന്നും നാലും സ്ഥാനങ്ങളിലുള്ള കേരള ജഡ്ജിമാർ. ഈ മൂന്ന് പേരും കേരള ഹൈക്കോടതി ജഡ്ജിമാരാകുന്നത് 2014 ജനുവരി 23 ന് ആണ്. ഇവരിൽ ആരെങ്കിലുമൊക്കെ സമീപകാലത്ത് തന്നെ സുപ്രീം കോടതി ജഡ്ജിയായി ഉയർത്തപ്പെട്ടേക്കാം. ഈ പട്ടികയിലെ ചില പേരുകൾ ഹൈക്കോടതി ചീഫ് ജസ്റ്റിസ് മാരായും പരിഗണിക്കപ്പെട്ടേക്കാം.

കർണാടക ഹൈക്കോടതിയിലെ കൊളീജിയത്തിൽ അംഗമായ കേരളത്തിൽ നിന്നുള്ള ജസ്റ്റിസ് അനു ശിവരാമന്റെ പേരും ചർച്ചകളിൽ സജീവമായി ഉയർന്ന് കേൾക്കുന്നുണ്ട്.

2015 ഏപ്രിലിൽ ആണ് ജസ്റ്റിസ് അനു ശിവരാമൻ കേരള ഹൈക്കോടതി ജഡ്ജിയായി ചുമതലയേൽക്കുന്നത്. സാധാരണ ഹൈക്കോടതി ജഡ്ജിയായി പത്ത് വർഷം പൂർത്തിയായവരെയാണ് സുപ്രീം കോടതി ജഡ്ജിയായി ഉയർത്താൻ പരിഗണിക്കുന്നത്. അതിനാൽ അടുത്ത വർഷം ഏപ്രിലിന് ശേഷമേ ജസ്റ്റിസ് അനു ശിവരാമന്റെ പേര് പരിഗണിക്കപ്പെടാൻ സാധ്യതയുള്ളൂ. എന്നാൽ വനിതയെന്ന പരിഗണനയിൽ മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ ഉണ്ടായാലും അത്ഭുതപെടാനില്ലെന്ന് സുപ്രീം കോടതി വൃത്തങ്ങൾ പറഞ്ഞു.

## രാധാകൃഷ്ണനെ പിണറായി ഒതുക്കിയെന്ന് കുഴൽനാടൻ; തരംതാണ ജാതിരാഷ്ട്രീയം കളിക്കുന്നെന്ന് ഗോവിന്ദൻ

തിരു : കേരളത്തിൽ ഒരു ദളിത് മുഖ്യമന്ത്രിയുടെ സാധ്യതയില്ലാതാക്കാനാണ് കെ.രാധാകൃഷ്ണനെ മുഖ്യമന്ത്രി പിണറായി വിജയൻ പാർലമെന്റിലേക്ക് വിട്ടതെന്ന് മാത്യു കുഴൽനാടൻ എം.എൽ.എ. അത് തിരഞ്ഞെടുപ്പിനെ ബാധിക്കുമെന്നും ചേലക്കര മറുപടി പറയുമെന്നും മാത്യു കുഴൽനാടൻ അഭിപ്രായപ്പെട്ടു. അതേസമയം, കുഴൽനാടൻ ജാതി രാഷ്ട്രീയം കളിക്കുകയാണെന്നും സ്വയം തരംതാഴുന്ന അഭിപ്രായപ്രകടനമാണ് കുഴൽനാടന്റേതെന്നും സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ പ്രതികരിച്ചു.

'കേരള മന്ത്രിസഭയുടെ ചരിത്രത്തിലാദ്യമായാണ് പട്ടിക ജാതി വിഭാഗങ്ങൾക്ക് മന്ത്രിയില്ലാത്ത, മന്ത്രിസഭയിൽ പ്രാതിനിധ്യമില്ലാത്ത, അധികാരത്തിൽ പങ്കാളിത്തമില്ലാത്ത ഒരു സാഹചര്യം ഉടലെടുത്തിരിക്കുന്നത്. എത്ര നിങ്ങൾ മൂടിവെച്ചാലും എത്ര ശ്രദ്ധിക്കപ്പെടരുതെന്നാഗ്രഹിച്ചാലും ഈ വിഷയം ചേലക്കര ചർച്ച ചെയ്യുമെന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. കെ.രാധാകൃഷ്ണന്റെതുപോലെയൊരു സാന്നിധ്യം ചേലക്കരയിൽ ഞങ്ങളാരും കണ്ടില്ല. ഇതെല്ലാം കൂടി മനസ്സിൽ വെച്ചാകും ചേലക്കര വിധിയെഴുതുക. പട്ടികജാതി വിഭാഗങ്ങൾക്ക് ആദ്യമായി കേരള മന്ത്രിസഭയിൽ പ്രാതിനിധ്യമില്ലാതാക്കിയ പിണറായി വിജയൻ, ഒരു ദളിത് മുഖ്യമന്ത്രിക്കുള്ള സാധ്യത നിഴൽ രൂപപ്പെട്ടപ്പോൾ അതില്ലാതാക്കിയ പിണറായി വിജയൻ, ഇത് രണ്ടും അടിസ്ഥാനവിഭാഗങ്ങളുടെ മനസ്സിൽ ഈ തിരഞ്ഞെടുപ്പിൽ പ്രതിഫലിക്കും', മാത്യു കുഴൽനാടൻ പറഞ്ഞു.

ജാതി രാഷ്ട്രീയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സ്വത്വരാഷ്ട്രീയമാണ് കുഴൽനാടൻ പറഞ്ഞുകൊണ്ടിരിക്കുന്നതെന്ന് എം.വി.ഗോവിന്ദൻ അഭിപ്രായപ്പെട്ടു. 'രാധാകൃഷ്ണൻ മുഖ്യമന്ത്രിയാകേണ്ട ആളാണെന്നാണ് ഇപ്പോൾ പറയുന്നത്. രാധാകൃഷ്ണനെതിരേ ഇവരെല്ലാം എന്തെല്ലാം പറഞ്ഞതാണ്. ഇന്ത്യയിലെ ഏറ്റവും പ്രമുഖ സ്ഥാനത്ത്, സിപിഎമ്മിന്റെ പാർലമെന്ററി പാർട്ടിയുടെ നേതാവായി കെ.രാധാകൃഷ്ണനെ ഉയർത്തികൊണ്ടുവന്നത് ഞങ്ങളാണ്. അങ്ങനെ ഉയർന്നു നിൽക്കുന്ന ഒരു നേതാവാണ് രാധാകൃഷ്ണൻ. രാധാകൃഷ്ണന്റെ ജാതി പറഞ്ഞുകൊണ്ടാണ് കുഴൽനാടൻ എത്തിയത്. അത് സ്വത്വരാഷ്ട്രീയമാണ്. സ്വത്വരാഷ്ട്രീയം യഥാർഥത്തിൽ സാമ്രാജ്യത്വ മുതലാളിത്തത്തിന്റെ ഒരു മുഖമാണ്. കുഴൽനാടൻ ജാതി രാഷ്ട്രീയം കളിക്കുകയാണ്. ഇതിനു മുമ്പ് യുഡിഎഫിന്റെ സർക്കാരുണ്ടായിരുന്ന സമയം എല്ലാ സന്ദർഭത്തിലും പട്ടികജാതി മന്ത്രിയുണ്ടായിരുന്നോ. എന്തെങ്കിലും കാര്യലാഭത്തിനു വേണ്ടി എന്തും ഉപയോഗിക്കാൻ യാതൊരു മടിയുമില്ലാത്ത ഒരു പ്രയോഗമാണ് നടത്തിയത്. ജാതിയുടെ പ്രയോഗമാണത്. തരംതാണ ഏർപ്പാടാണത്. കുഴൽനാടൻ നിലയും വിലയുമുള്ള എം.എൽ.എ. ആണെന്നാണ് ധരിച്ചുവെച്ചിരുന്നത്. അദ്ദേഹത്തിന് ഒരു നിലയും വിലയുമില്ലാത്ത രീതിയിൽ ജാതിരാഷ്ട്രീയം കളിക്കുകയാണ് ചെയ്തത്'. നാലു വോട്ട് കിട്ടുമെന്ന് കരുതിയാണ് ഇങ്ങനെ ചെയ്യുന്നതെന്നും എം.വി. ഗോവിന്ദൻ പറഞ്ഞു.

### പെട്രോൾ പമ്പിൽ ഇന്ധനം നിറയ്ക്കാനെത്തിയ കാറിന് തീപിടിച്ചു

മംഗളൂരു: മംഗളൂരുവിൽ പെട്രോൾ പമ്പിൽ കാറിന് തീപ്പിടിച്ചു. നഗരത്തിലെ ലേഡി ഹിൽ നാരായണ ഗുരു സർക്കിളിലെ പെട്രോൾ പമ്പിലാണ് സംഭവം. ബജ്പെയിൽ നിന്ന് ഇന്ധനം നിറയ്ക്കാൻ എത്തിയ കാർ പെട്രോൾ പമ്പിൽ നിർത്തിയ ഉടനെ തീപ്പിടിക്കുകയായിരുന്നു.

എഞ്ചിനിൽ നിന്ന് തീ പടർന്നതാണെന്നാണ് നിഗമനം. നിമിഷനേരത്തിനുള്ളിൽ കാർ ചാമ്പലായി. പമ്പിൽ വൈറ്റ് പെട്രോൾ സൂക്ഷിച്ചിരുന്നതിനാൽ ജീവനക്കാർ ഭീതിയിലായി. ബക്കറ്റിൽ വെള്ളം ഒഴിച്ച് തീ അണക്കാൻ ജീവനക്കാർ ശ്രമിച്ചെങ്കിലും ഫലം കണ്ടില്ല. ഉടൻ തന്നെ അഗ്നിരക്ഷാസേന കുതിച്ചെത്തി തീയണക്കുകയായിരുന്നു.

കാറിൽ മൂന്ന് യാത്രക്കാരുണ്ടായിരുന്നു. പുക ഉയർന്നതോടെ അവർ പുറത്തിറങ്ങിയതിനാൽ ആളപായമുണ്ടായില്ല. ഭൂഗർഭ പെട്രോൾ ടാങ്കിലേക്ക് തീ പടർന്നിരുന്നെങ്കിൽ വൻ ദുരന്തമായി മാറുമായിരുന്നെന്ന് ജീവനക്കാർ വ്യക്തമാക്കി.

## ഐഎഎസ് തലത്തിലെ വിവാദം; ഉദ്യോഗസ്ഥരെ അഴിച്ചുവിടില്ല; തീരുമാനം മുഖ്യമന്ത്രിയെടുക്കും; മന്ത്രി കെ. രാജൻ

തിരു: ഐഎഎസ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട വിവാദം സർക്കാർ ഗൗരവത്തോടെ കാണുന്നെന്ന് മന്ത്രി കെ.രാജൻ. ചീഫ് സെക്രട്ടറിയുടെ അഭിപ്രായമാരായുമെന്നും മുഖ്യമന്ത്രി വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കുമെന്നും രാജൻ പറഞ്ഞു . ഉദ്യോഗസ്ഥരെ അഴിച്ചുവിടാൻ സർക്കാരിന് കഴിയില്ല. നടപടിക്രമങ്ങളും സംവിധാനങ്ങളും പാലിച്ച് മുന്നോട്ടുപോകും. അതിന് എതിരായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ എത്ര ഉന്നതരായാലും കർശനമായ നടപടി ഉണ്ടാകുമെന്നും

മന്ത്രി വ്യക്തമാക്കി.

അതേസമയം, അഡീഷണൽ ചീഫ് സെക്രട്ടറി ജയതിലകുമായി ബന്ധപ്പെട്ട വിവാദ ഫെയ്സ് ബുക്ക് പോസ്റ്റിൽ പ്രശാന്തിനെതിരെയും മതാടിസ്ഥാനത്തിലുള്ള വാട്സാപ്പ് ഗ്രൂപ്പ് വിവാദത്തിൽ കെ. ഗോപാലകൃഷ്ണനെതിരെയും സർക്കാർ കടുത്ത നടപടിയെടുത്തേക്കും. സസ്പെൻഷൻ ഉൾപ്പടെ ആലോചനയിലെന്നാണ് റിപ്പോർട്ട്. ഇരുവർക്കുമെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് വ്യക്തമാക്കി ചീഫ് സെക്രട്ടറി നേരത്തെ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

ഐഎഎസ് തലത്തിൽ മതാടിസ്ഥാനത്തിലുള്ള വാട്സാപ് ഗ്രൂപ്പ് ആദ്യമായിട്ടാണെന്നുള്ളതും കടുത്ത നടപടിക്ക് കാരണമായി ചൂണ്ടിക്കാട്ടുന്നു. ഫോൺ ഹാക്ക് ചെയ്താണ് വാട്സാപ് ഗ്രൂപ്പ് ഉണ്ടാക്കിയതെന്ന വാദത്തിന്റെ മുനയൊടിക്കുന്നതായിരുന്നു പൊലീസ് റിപ്പോർട്. ഇതോടെയാണ് നടപടി ശുപാർശ ചെയ്തു കൊണ്ട് ചീഫ് സെക്രട്ടറി മുഖ്യമന്ത്രിക്ക് റിപ്പോർട് കൈമാറിയത്.

നടപടി ഉണ്ടായേക്കുമെന്ന റിപ്പോർട്ടുകൾക്കിടെ ഇന്നും പ്രശാന്ത് സമൂഹ മാധ്യമത്തിൽ പരിഹാസക്കുറിപ്പിട്ടിരുന്നു.കള പറിക്കുന്ന യന്ത്രത്തിന്റെ ചിത്രം പങ്കുവച്ച്, 'കർഷകനാണ്, കള പറിക്കാൻ ഇറങ്ങിയതാണെ'ന്ന കാപ്ഷനോടെയാണ് പോസ്റ്റ്. എൻ.പ്രശാന്തിന്റെ ഉദ്യോഗസ്ഥതല വീഴ്ചകൾ സംബന്ധിച്ച് അഡീഷനൽ ചീഫ് സെക്രട്ടറി എ.ജയതിലക് സമർപ്പിച്ച ഫയൽ പരിശോധിച്ചാണ് പ്രശാന്തിന് എതിരായ ശുപാർശ. പട്ടികവിഭാഗക്കാരുടെ പദ്ധതികളും ക്ഷേമപ്രവർത്തനങ്ങളും കാര്യക്ഷമമാക്കാൻ രൂപീകരിച്ച ശാക്തീകരണ സൊസൈറ്റിയായ 'ഉന്നതി'യിലെ ചില ഫയലുകളും രേഖകളും കാണാനില്ല, ജോലി ചെയ്യാതെ വ്യാജ ഹാജർ രേഖപ്പെടുത്തി തുടങ്ങിയ ആരോപണങ്ങളും ഇതു സംബന്ധിച്ച തെളിവുകളും കുറിപ്പുകളും അടങ്ങിയതാണ് ഫയൽ. സമൂഹമാധ്യമത്തിലൂടെ അഡീഷനൽ ചീഫ് സെക്രട്ടറിയെ വിമർശിച്ചത് സർവീസ് ചട്ടലംഘനമാണെന്നും നടപടി കാര്യം മുഖ്യമന്ത്രിക്ക് തീരുമാനിക്കാം എന്നതുമായിരുന്നു ചീഫ് സെക്രട്ടറിയുടെ ഫയൽ.

### പ്രചാരണത്തിന് ഇന്ന് കൊട്ടിക്കലാശം

തൃശൂർ: ചേലക്കരയിലും വയനാട്ടിലും തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഇന്ന് കൊട്ടിക്കലാശം. നാളെ നിശബ്ദ പ്രചാരണം. ബുധനാഴ്ചയാണ് വോട്ടെടുപ്പ്.

വയനാട്ടിലെ ബത്തേരിയിൽ രാഹുലും പ്രിയങ്കയും പങ്കെടുക്കുന്ന റോഡ് ഷോ തുടരുകയാണ്.

### ഭാര്യയെ തലക്കടിച്ച് ഭർത്താവ് തൂങ്ങിമരിച്ചു

കൊടുങ്ങല്ലൂർ: അഴീക്കോട് ഭാര്യയെ തലക്കടിച്ച്പരിക്കേൽപ്പിച്ച ശേഷം ഭർത്താവ് തൂങ്ങി മരിച്ചു. കാതിക്കോടത്ത് സുരേഷാണ് തൂങ്ങിമരിച്ചത്. ഭാര്യഷൈയയാണ് തലക്കടിച്ച്പരിക്കേൽപിച്ചത്.

## തന്റെ മുൻകൂർ ജാമ്യത്തെ മാത്രം സർക്കാർ എതിർക്കുന്നു: സിദ്ദിഖ്

ന്യൂഡൽഹി: ബലാത്സംഗ കേസിലെ അന്വേഷണ ഉദ്യോഗസ്ഥനെതിരേ രൂക്ഷമായ ആരോപണം ഉന്നയിച്ച് നടൻ സിദ്ദിഖ് സുപ്രീം കോടതിയിൽ മറുപടി സത്യവാങ്മൂലം ഫയൽ ചെയ്തു. അന്വേഷണ ഉദ്യോഗസ്ഥൻ പുതിയ കഥകൾ ചമയ്ക്കുന്നു എന്നാണ് സിദ്ദിഖിന്റെ ആരോപണം. പരാതിയിൽ ഉന്നയിക്കാത്ത കാര്യങ്ങളാണ് അന്വേഷണ ഉദ്യോഗസ്ഥൻ പറയുന്നത്. ന്യായത്തിന്റെയും, നിഷ്പക്ഷതയുടെയും അതിർവരമ്പുകൾ അന്വേഷണ ഉദ്യോഗസ്ഥൻ മറികടന്നു എന്നും സുപ്രീം കോടതിയിൽ ഫയൽ ചെയ്ത മറുപടി സത്യവാങ്മൂലത്തിൽ നടൻ സിദ്ദിഖ് ആരോപിച്ചു. സിദ്ദിഖിന്റെ മുൻകൂർ ജാമ്യാപേക്ഷ നാളെ സുപ്രീം കോടതി പരിഗണിക്കാനിരിക്കെയാണ് സത്യവാങ്മൂലം.

ബലാത്സംഗ കേസിൽ തനിക്കെതിരേ തെളിവുകളുടെ ഒരു കെട്ട് തന്നെ ഉണ്ടെന്നാണ് അന്വേഷണ ഉദ്യോഗസ്ഥർ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ പറയുന്നത്. എന്നാൽ താൻ രണ്ട് തവണ ചോദ്യം ചെയ്യലിന് ഹാജരായെങ്കിലും അറസ്റ്റ് ചെയ്തില്ലെന്ന് മറുപടി സത്യവാങ്മൂലത്തിൽ സിദ്ദിഖ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 2016 ൽ ഉപയോഗിച്ചിരുന്ന ഫോൺ കൈമാറിയില്ല എന്നതാണ് അന്വേഷണ ഉദ്യോഗസ്ഥർ തനിക്ക് എതിരെ പറയുന്ന പ്രധാന പരാതി. എന്നാൽ പരാതിക്കാരിയും ആ കാലയളവിൽ ഉപയോഗിച്ചിരുന്ന ഫോൺ കൈമാറിയിട്ടില്ല എന്നാണ് തന്റെ അറിവെന്നും സിദ്ദിഖ് സുപ്രീം കോടതിയിൽ ഫയൽ ചെയ്ത മറുപടി സത്യവാങ്മൂലത്തിൽ വിശദീകരിച്ചിട്ടുണ്ട്.

പരാതി നൽകാൻ എട്ട് വർഷം എന്ത് കൊണ്ട് വൈകിയെന്ന് സംസ്ഥാന സർക്കാരിനോടും പരാതിക്കാരിയോടും സുപ്രീം കോടതി നേരത്തെ ആരാഞ്ഞിരുന്നു.

## വിഴിഞ്ഞത്തിൽ കേരളത്തിനോട് ചിറ്റമ്മനയം; സംസ്ഥാനത്തിനുള്ള 817 കോടിരൂപ സഹായധനത്തെ വായ്പയാക്കി കേന്ദ്രം

തിരു : വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ട കമ്മീഷനിങ് ഡിസംബറിൽ നടക്കാനിരിക്കെ വെല്ലുവിളിയായി കേന്ദ്രത്തിന്റെ ചിറ്റമ്മനയം. തുറമുഖത്തിന് കേന്ദ്ര സർക്കാർ നൽകേണ്ട സഹായധനമായ 817 കോടിരൂപ വായ്പയാക്കി മാറ്റിയതിൽ സംസ്ഥാനം കടുത്ത അതൃപ്തിയിലാണ്. എത്രയും വേഗം കേന്ദ്രം നിലപാട് തിരുത്തി കമ്മീഷനിങ് നടത്തണം എന്നാണ് സംസ്ഥാന സർക്കാരിന്റെ ആഗ്രഹം. ട്രയൽറൺ നടക്കുന്ന അവസരത്തിൽ തന്നെ ഒരു ലക്ഷം കണ്ടെയ്നർ കൈകാര്യം ചെയ്ത് ചരിത്ര നേട്ടം സ്വന്തമാക്കിയിരിക്കുകയാണ് വിഴിഞ്ഞം തുറമുഖം ഈ സന്ദർഭത്തിലാണ് കേന്ദ്രത്തിന്റെ രാഷ്ട്രീയ പകപോക്കൽ.

ട്രയൽ റൺ തുടങ്ങിയിട്ട് നാല് മാസം പിന്നിടുമ്പോൾ വിഴിഞ്ഞത്തേക്കെത്തിയത് മദർ ഷിപ്പുകളടക്കം 46 ചരക്കുകപ്പലുകളാണ്. അദാനി പോർട്ട്സ് തുറമുഖത്ത് കൈകാര്യം ചെയ്തത് ഒരു ലക്ഷം(100807) കണ്ടെയ്നറുകളാണ്. ലോകത്തെ ഏറ്റവും വലിയ കപ്പൽ കമ്പനിയായ എം.എസ്.സിയുടെ 400 മീറ്റർ നീളമുള്ള മദർ ഷിപ്പുകളടക്കം വിഴിഞ്ഞത്ത് കണ്ടെയ്നറുകളിറക്കി. രാജ്യത്തിനകത്തും പുറത്തുമുള്ള തുറമുഖങ്ങളിലേക്ക് ചരക്ക് കയറ്റിറക്ക് നടത്തി വരുന്നു. ഇതിൽ നിന്നുള്ള വരുമാനമായി നികുതിയിനത്തിൽ സംസ്ഥാന ഖജനാവിലേക്കെത്തിയത് 7.4 കോടി രൂപയാണ്. ട്രയൽറൺ ഘട്ടത്തിൽ തന്നെ ഇത്രയധികം ചരക്കുകൾ കൈകാര്യം ചെയ്ത മറ്റൊരു തുറമുഖമില്ല.

ഇത്രയൊക്കെ അനുകൂല ഘടകങ്ങളുണ്ടായിട്ടും കേന്ദ്ര സർക്കാർ സാമ്പത്തികമായി പിന്തുണ നൽകുന്നില്ല എന്ന കടുത്ത പരാതിയാണ് സംസ്ഥാനത്തിനുള്ളത്.

കേന്ദ്രവും സംസ്ഥാനവും വിഴിഞ്ഞം തുറമുഖം നിർമ്മിക്കുന്ന അദാനി പോർട്സിന് നൽകേണ്ട ധനമാണ് വി.ജി.എഫ് (viability gap funding). 817കോടി രൂപയാണ് കേന്ദ്രം അദാനി പോർട്സിന് നൽകേണ്ടത്. അതിതുവരെ നൽകിയിട്ടില്ല. ഇപ്പോൾ ഈ തുക വേണമെങ്കിൽ വായ്പയായി നൽകാമെന്നാണ് കേന്ദ്രത്തിന്റെ നിലപാട്. അതായത് പണം സംസ്ഥാന സർക്കാർ തിരിച്ചടക്കേണ്ടി വരും.

ഭാവിയിൽ തുറമുഖം ലാഭത്തിലെത്തുമ്പോൾ 817 കോടി രൂപയ്ക്ക് എന്ത് മൂല്യമാണോ ഉണ്ടാകുന്നത് ആ തുകയ്ക്ക് തുല്യമായ തുക സംസ്ഥാനം തിരിച്ചടയ്ക്കണമെന്നാണ് വ്യവസ്ഥ. അതായത് സംസ്ഥാനം അന്ന് 12000 കോടിരൂപ തിരിച്ചടയ്ക്കേണ്ടി വരുമെന്ന് തുറമുഖ മന്ത്രി വി.എൻ വാസവൻ പറഞ്ഞു. അതേസമയം തമിഴ്നാട്ടിലെ തൂത്തുക്കുടി തുറമുഖത്തിന് കേന്ദ്രം വായ്പാ വ്യവസ്ഥയില്ലാത്ത വി.ജി.എഫ് സഹായമാണ് പ്രഖ്യാപിച്ചത്. അതുകൊണ്ടുതന്നെ കേരളത്തോട് കേന്ദ്രം രാഷ്ട്രീയ വിവേചനം കാണിക്കുന്നുവെന്ന പരാതിയിലാണ് സംസ്ഥാന സർക്കാർ. കാരണം വി.ജി.എഫ് സഹായം ആദ്യം അംഗീകരിക്കപ്പെട്ട പദ്ധതിയാണ് വിഴിഞ്ഞത്തേത്. വായ്പാ വ്യവസ്ഥ ഒഴിവാക്കാൻ മുഖ്യമന്ത്രി കേന്ദ്രത്തിന് കത്തയച്ചിട്ടുണ്ട്. അനുകൂല നിലപാടുണ്ടായില്ലെങ്കിൽ നേരിൽ കണ്ടും കേന്ദ്രത്തെ ആശങ്ക ബോധിപ്പിക്കും.

പ്രധാനമന്ത്രിയെ ക്ഷണിച്ച് ആദ്യഘട്ട തുറമുഖ കമ്മീഷനിങ് നടത്താനാണ് സംസ്ഥാന സർക്കാരും അദാനി പോർട്സും ആഗ്രഹിക്കുന്നത്. അതിനിടെയാണ് വി.ജി.എഫ് സഹായം കേന്ദ്രം വായ്പയാക്കി മാറ്റിയത്. ഇത് ഡിസംബറിൽ ആദ്യഘട്ട തുറമുഖ കമ്മീഷനിങ് നടത്താനുള്ള നീക്കത്തിന് കല്ലുകടിയാകുമെന്ന ആശങ്ക ഉയർന്നിട്ടുണ്ട്.

## മാട്ടുപ്പെട്ടി ഡാമിൽ സീ പ്ലെയിൻ പറന്നിറങ്ങി, ആശങ്കയുമായി വനംവകുപ്പ്

മൂന്നാർ: സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയ്ക്ക് ഊർജം പകർന്ന് സീ പ്ലെയിന്റെ പരീക്ഷണ പറക്കൽ വിജയം. കൊച്ചി ബോൾഗാട്ടി മറീനയിൽ നിന്ന് ടെയ്ക്ക് ഓഫ് ചെയ്ത വിമാനം ഇടുക്കി മാട്ടുപ്പെട്ടി ഡാമിൽ വിജയകരമായി ലാൻഡ് ചെയ്തു. അരമണിക്കൂറോളം നേരം ഈ വിമാനം മാട്ടുപ്പെട്ടി ഡാമിലുണ്ടാകും.

ജനപ്രതിനിധികളും കെ.എസ്.ഇ.ബി, ഹൈഡൽടൂറിസം ജീവനക്കാരും മാത്രമാണ് മാട്ടുപ്പെട്ടി ഡാമിലുണ്ടായത്. പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിച്ചിരുന്നില്ല. ഇതിനായി ഡാമിൽ കാര്യമായി മാറ്റങ്ങള

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

തൃശൂർ ഹയാത്തിൽ നടന്ന വർണ്ണശബളമായ സമ്മേളനത്തിൽ സുപ്രീംകോടതി ജഡ്ജി. ജസ്റ്റിസ് സൂര്യകാന്തിന് മെമ്മന്റോ സമർപ്പിക്കുന്നു. മേൽകോടതികളിൽ ജഡ്ജിമാരെ നിയമിക്കുന്ന നിലവിലെ സംവിധാനത്തിൽ വിശ്വാസ്യത കുറഞ്ഞത് വീണ്ടെടുക്കേണ്ടതുണ്ടെന്ന് മറുപടി പ്രസംഗത്തിൽ ജസ്റ്റിസ് കുര്യൻ ജോസഫ് അഭിപ്രായപ്പെട്ടു.

തൃശൂർ പഴയ നടക്കാവ് പാണ്ടി സമൂഹ മടത്തിൽ 69-ാമത് മഹാരുദ്ര മഹായജ്ഞത്തിന്റെ ഭാഗമായി സമൂഹ ആചാര്യൻ സുരേഷ് വാദ്ധ്യാരുടെ നേതൃത്വത്തിൽ നടത്തിയ വസോർധാര. മഹാരുദ്രത്തിന്റെ ഭാഗമായി 121 വേദജ്ഞർ 11 പ്രവാശ്യം തീരുദ്രം ജപിച്ച് മന്ത്രപൂരിതമായ നെയ്യ് കൊണ്ടാണ് വസോർധാര നടത്തുന്നത്. ചടങ്ങിന് സമൂഹം പ്രസിഡന്റ് ദേവനാരായണൻ, സെക്രട്ടറി എസ്. ശിവരാമകൃഷ്ണൻ, പ്രോഗ്രാം സെക്രട്ടറി ഹരിശങ്കർ, മറ്റു സമൂഹം ഭാരവാഹികൾ നേതൃത്വം നൽകി

## റാലിയും പൊതുസമ്മേളനവും

ചേലക്കര: ഈ തെരഞ്ഞെടുപ്പ് പിണറായി വിജയന്റെ ദുർഭരണത്തിനെതിരായുള്ളതാണെന്ന് യു ഡി എഫ് തെരഞ്ഞെടുപ്പ് റാലിയും പൊതുസമ്മേളനവും ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പ്രസ്താവിച്ചു.

## പേഴ്സ് നഷ്ടപ്പെട്ടു

കടവല്ലൂർ: ദേശത്ത് ഹരിയ വീട്ടിൽ മണികണ്ഠന്റെ ആധാർ കാർഡ്, പാൻകാർഡ്, ഡ്രൈവിംഗ് ലൈസൻസ്, ആർസി കാർഡ്, വോട്ടർ ഐഡി, എടിഎം കാർഡ്, പൈസ എന്നിവ അടങ്ങിയ പേഴ്സ് നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ 9744119332 എന്ന നമ്പറിലോ കുന്നംകുളം പോലീസ് സ്റ്റേഷനിലോ അറിയിക്കുക.

## നിര്യാതരായി

### ലക്ഷ്മിക്കുട്ടി

മുണ്ടൂർ: കൊള്ളന്നൂർ മുണ്ടത്തിക്കോട് വീട്ടിൽ പരേതനായ അറുമുഖൻ ഭാര്യ ലക്ഷ്മിക്കുട്ടി (87) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചക്ക് 2 മണിക്ക്. മെട്രോ വാർത്ത തൃശൂർ ബ്യൂറോ റിപ്പോർട്ടർ എം.എ ഷാജി മകനാണ്.

### ഭരതൻ കണ്ടേങ്കാട്ടിൽ



ഇരിങ്ങാലക്കുട : കൂടൽമാണിക്യം ദേവസ്വം മുൻ ഭരണസമിതി അംഗവും, എടതിരിഞ്ഞിയിലെ പൗരപ്രമുഖനുമായ ഭരതൻ കണ്ടേങ്കാട്ടിൽ (77) നിര്യാതനായി.

എടതിരിഞ്ഞി എച്ച് ഡി പി സമാജം പ്രസിഡന്റ്, ഇരിങ്ങാലക്കുട എസ് എൻ ക്ലബ്ബ് സെക്രട്ടറി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിരുന്ന ഭരതൻ കണ്ടേങ്കാട്ടിൽ കഴിഞ്ഞ കുറേ കാലമായി ഇരിങ്ങാലക്കുടയിലെ സാമൂഹ്യ സാംസ്കാരിക മേഖലകളിൽ നിറസാന്നിദ്ധ്യമായിരുന്നു. ദീർഘകാലം എടതിരിഞ്ഞി എച്ച് ഡി പി സ്കൂൾ മാനേജരായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സംസ്കാരം വീട്ടുവളപ്പിൽ നടത്തി. ഭാര്യ : ഉഷ. മക്കൾ : രതീഷ്, റിതേഷ്, റോഷ്നി, റോഷ് മോഹൻ

### ശ്യാം എസ് മേനോൻ

ഇരിങ്ങാലക്കുട : നടവരമ്പ് തൃപ്പയ്യ ക്ഷേത്രത്തിനു സമീപം പാലാഴി ശിവരാമ മേനോൻ മകൻ ശ്യാം എസ് മേനോൻ (55) നിര്യാതനായി.

ഇരിങ്ങാലക്കുട സഹകരണ ആശുപത്രിയിൽ എംആർഐ സ്കാൻ എടുക്കാൻ എത്തിയ ശ്യാം ആശുപത്രിയിൽ വച്ച് കുഴഞ്ഞു വീഴുകയായിരുന്നു. സംസ്കാരം വീട്ടുവളപ്പിൽ നടന്നു. നാഷണൽ ഹയർ സെക്കന്ററി സ്കൂളിലെ അധ്യാപികയായിരുന്ന അംബുജമാണ് അമ്മ. ഭാര്യ : രേഖ മേനോൻ മകൾ : മൈഥിലി മേനോൻ

## ഹൈക്കോടതി കടുപ്പിച്ചു, സഹകരണ സ്ഥാപനങ്ങളുടെ വാഹനങ്ങളിൽ വച്ചിട്ടുള്ള ബോർഡുകൾ നീക്കുന്നു

തൃശൂർ : കേരള ബാങ്ക് അടക്കമുള്ള സഹകരണ സ്ഥാപനങ്ങളുടെ വാഹനങ്ങളിൽ വച്ചിട്ടുള്ള ബോർഡുകൾ നീക്കാൻ തുടങ്ങി.

സഹകരണ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന വാഹനങ്ങളിൽ പദവിയും മറ്റും പ്രദർശിപ്പിക്കുന്ന ബോർഡുകൾ വയ്ക്കാൻ പാടില്ലെന്ന് ഹൈക്കോടതി ആവർത്തിച്ച് നിർദേശിച്ച പശ്ചാത്തലത്തിലാണിത്. 1989 ലെ കേരള മോട്ടോർ വാഹന നിയമം റൂൾ 92 പ്രകാരം സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ അല്ലാത്ത വാഹനങ്ങളിൽ ബോർഡുകൾ പ്രദർശിപ്പിക്കാൻ അനുമതിയില്ല. ഈ ചട്ടം നിലനിൽക്കുമ്പോൾ തന്നെ ചുവന്ന പശ്ചാത്തലത്തിൽ വെള്ള അക്ഷരത്തിൽ സ്ഥാപനങ്ങളുടെ പേരെഴുതിയ ബോർഡുകൾ സ്ഥാപിച്ച് വാഹനങ്ങൾ നിരത്തിലിറക്കിയിരുന്നു. ഹൈക്കോടതി നിർദേശപ്രകാരം ഇതു നീക്കിയെങ്കിലും പിൽക്കാലത്ത് നീല ബോർഡുകൾ സ്ഥാപിക്കാൻ തുടങ്ങി. എന്നാൽ ഒരുതരത്തിലുള്ള ബോർഡുകൾ സഹകരണ സ്ഥാപനങ്ങളുടെ വാഹനങ്ങളിൽ പാടില്ലെന്നാണ് ഇപ്പോൾ കർശന നിർദ്ദേശം നൽകിയിട്ടുള്ളത്.

## 'ബാബ സാഹിബ് അംബേദ്കർ വിശിഷ്ട സേവാ നാഷണൽ അവാർഡ് 2024 ഷാജു വാലപ്പന്'



ഇരിഞ്ഞാലക്കുട: സാമൂഹിക ജീവകാരുണ്യ പ്രവർത്തകരും കലാകാരന്മാരുമായവർക്ക് ഭാരതീയ ദളിത് സാഹിത്യ അക്കാദമി നൽകി വരുന്ന 'ബാബ സാഹിബ് അംബേദ്കർ വിശിഷ്ട സേവാ നാഷണൽ അവാർഡ് 2024'ന് സാമൂഹ്യ ജീവകാരുണ്യ പ്രവർത്തകനും, സിനിമ പ്രൊഡ്യൂസറും, ബിസിനസ്സുകാരനും, വാലപ്പൻ എക്സിം പ്രൈവറ്റ് ലിമിറ്റഡിന്റെ ചെയർമാനും ആയ ഷാജു വാലപ്പൻ അർഹനായി.ഡിസംബർ 8ന് ഡൽഹിയിൽ വെച്ച് നടക്കുന്ന ചടങ്ങിൽ ഷാജു വാലപ്പൻ അവാർഡ് ഏറ്റു വാങ്ങും.

മുൻ കേന്ദ്രമന്ത്രി സുശീൽ കുമാർ ഷിൻഡെ, അരുണാചൽ പ്രദേശ് മുൻ ഗവർണർ ഡോ.മാതാപ്രസാദ്, മിസോറം മുൻ ഗവർണർ ഡോ.എ. പത്മനാഭൻ,മുൻ കേന്ദ്ര സാമൂഹിക നീതി വകുപ്പ് മന്ത്രി എം.പി. സൂര്യനാരായണൻ ജാട്ടു എന്നിവർ മുഖ്യ രക്ഷാധികാരികൾ ആയിട്ടുള്ള അക്കാദമിയുടെ 40 ആമത് അവാർഡ് ആണ്. മുൻ ഉപ പ്രധാനമന്ത്രി ബാബു ജഗ്ജീവൻ റാം ആണ് അക്കാദമിയുടെ സ്ഥാപകൻ.

സാമൂഹ്യ ജീവകാരുണ്യ പ്രവർത്തകനും പ്രവാസിയുമായ ഷാജു വാലപ്പൻ ഗൾഫിലും കേരളത്തിലും നടത്തുന്ന ജീവകാരുണ്യ പ്രവർത്തനവും സാംസ്കാരിക രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങളും കലാമേഖലയിൽ അഭിനയം കൂടാതെ പുതുമുഖങ്ങൾക്ക് അവസരം നൽകികൊണ്ടുള്ള സിനിമ നിർമ്മാണവും നാട്ടിലും വിദേശത്തും മലയാളികൾ അടക്കം പല രാജ്യക്കാർക്കും തൊഴിൽ നൽകി വരുന്ന ബിസിനസ്സ് ശ്രീഖലയുടെ ഉടമസ്ഥൻ എന്ന നിലകളും വിലയിരുത്തിയാണ് അംബേദ്കർ വിശിഷ്ട സേവാ നാഷണൽ അവാർഡിന് അർഹത നേടിയത്.

ഇരിഞ്ഞാലക്കുട കല്ലേറ്റുംകര സ്വദേശിയായ വാലപ്പൻ, അന്തോണി ത്രേസ്യ ദമ്പതികളുടെ മൂത്ത മകനാണ്. ഭാര്യ-ലിൻസി ഇരിഞ്ഞാലക്കുട പാലക്കാംപറമ്പിൽ സേവ്യർ ത്രേസ്യ ദമ്പതികളുടെ ഇളയ പുത്രിയാണ്. മൂത്ത മകൻ നോയൽ ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിൽ ഒന്നാം വർഷ ഇആഅ വിദ്യാർത്ഥിയും, മകൾ നോവ പെരിന്തൽമണ്ണ മെഡിക്കൽ കോളേജിൽ അവസാന വർഷ MBBS വിദ്യാർത്ഥിനിയും ഇളയ മകൾ നേഹ ചാലക്കുടി ക്രസെന്റ് സ്കൂളിൽ പ്ലസ്ടു വിദ്യാർത്ഥിനിയും ആണ്.

## ആറാം പതിപ്പ് മന്ത്രി ആർ. ബിന്ദു പ്രകാശനം ചെയ്തു

തൃശൂർ: ശ്രീകേരള വർമ്മ കോളേജിലെ ചുമരുകളിൽ വർഷങ്ങളായി കുറിച്ചിട്ട സാഹിത്യ കുറിപ്പുകൾ കോർത്തിണക്കി പൂർവ വിദ്യാർത്ഥിയായ എം.എം.എ റസാഖ് രചിച്ച കാമ്പസ് ചുമരിലെ കലാപങ്ങൾ എന്ന പുസ്തകത്തിന്റെ ആറാം പതിപ്പ് ഉന്നത വിദ്യാഭ്യാസമന്ത്രി ഡോ. ആർ. ബിന്ദു, പൂർവ വിദ്യാർത്ഥി രാജശ്രീ ശരതിന് നൽകി പ്രകാശനം ചെയ്തു .

ചടങ്ങിൽ പൾസ് 80 പ്രസിഡണ്ട് കെ.വി. പുഷ്പാംഗദൻ അദ്ധ്യക്ഷതവഹിച്ചു. മുൻ എം.പി. വിജയരാഘവൻ എ, ഒ.എസ്. എ കൺവീനർ പി.ജി. ശിവൻ, രാജൻ ചാക്കോ ക്രൂ വൈറ്റ്), ശരത് ചന്ദ്രൻ മച്ചിങ്ങൽ, ഷിയാസ്, അഡ്വ. മേരി ആന്റണി, പോസ പ്രസിഡണ്ട് രതീഷ് , കൊച്ചുറാണി എന്നിവർ സംസാരിച്ചു.

സംയുക്ത വർമ്മ, ജയരാജ് വാര്യർ, ഹരിനാരായണൻ, പി.കെ. ജലീൽ, ദീപ്തി മേനോൻ തുടങ്ങി 31 പ്രശസ്തരായവർ സാമൂഹ്യ മാധ്യമങ്ങളിലൂടെ നേരത്തെ കവർ പ്രകാശനം ചെയ്തിരുന്നു.

പല കാലഘട്ടങ്ങളിൽ പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾ അവരുടെ മനസിലെ വികാരം മറ്റുള്ളവരെ അറിയിക്കാൻ കോളേജിലെ ചുമരുകളിൽ പ്രണയം, വിരഹം, വിപ്ലവം, സാഹോദര്യം, രാഷ്ട്രീയം, എന്നീ വിഷയങ്ങൾ എഴുതിയിരുന്നു. എഴുത്തുകാരന്റെ മനസിലുണ്ടാകുന്ന വിചാരവും ചേർത്താണ് പുസ്തകം രചിച്ചത്. 2013 ൽ നാക് അക്രെഡിഷൻ ലഭിക്കുന്നതിനുവേണ്ടി മുഴുവൻ പെയിന്റ് അടിച്ചപ്പോൾ വർഷങ്ങളായി ഒട്ടോഗ്രാഫ് പോലെ ചുമരുകളിൽ ചരിത്രരേഖയായി സൂക്ഷിച്ച വരമൊഴിമുത്തുകളെല്ലാം അപ്രത്യക്ഷമായി. അന്ന് പ്രധാന പത്രത്തിലെ വാർത്ത ശ്രദ്ധയിൽപ്പെട്ട റസാഖ് എഴുതിയെടുത്ത ചുമരെഴുത്തുകൾ പുസ്തകരൂപത്തിൽ പുറത്തിറക്കുകയായിരുന്നു. അഷ്ടമൂർത്തി അവതാരികയും അബ്ദുൾ നാസർ മുഖചിത്രവുമൊരുക്കി.

## വഖഫ് ട്രൈബ്യൂണലിനു അന്യായമായി അധികാരം നൽകിയതിൽ ലജ്ജിക്കുന്നു

തൃശൂർ : വഖഫ് നിയമത്തിന്റെ പേരിൽ നീതി നിഷേധിക്കപ്പെടുന്ന മുനമ്പം ജനതയ്ക്ക് നീതി ലഭിക്കും വരെ കത്തോലിക്ക കോൺഗ്രസ് തൃശൂർ അതിരൂപത സമിതി മുനമ്പം ജനതക്ക് ഒപ്പം നിന്ന് പോരാടുമെന്ന് അതിരൂപതല ഐക്യദാർഢ്യദിനാചാരണം ഉദ്ഘാടനം ചെയ്തു കൊണ്ടു അതിരൂപത ഡയറക്ടർ ഫാ. വർഗീസ് കുത്തൂർ പ്രഖ്യാപിച്ചു.

തൃശ്ശൂർ അതിരൂപത കത്തോലിക്ക കോൺഗ്രസിന്റെ ആഹ്വാനപ്രകാരം അതിരൂപതയിലെ എല്ലാ യൂണിറ്റുകളിലും മുനമ്പം ഐക്യദാർഢ്യദിനചാരണം നടന്നു. കത്തോലിക്ക കോൺഗ്രസ് അതിരൂപത പ്രസിഡന്റ് ഡോ. ജോബി കാക്കശ്ശേരി അധ്യക്ഷതവഹിച്ചുകൊണ്ടു ഡോളേഴ്സ് ബസലിക്ക പള്ളിയിൽ നടന്ന അതിരൂപതല പരിപാടിയിൽ ബസലിക്ക ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് മുഖ്യ പ്രഭാഷണം നടത്തി. 1995ൽ കേന്ദ്രസർക്കാർ വഖഫ് ട്രൈബ്യൂണൽ സ്ഥാപിക്കുകയും ട്രൈബ്യൂണൽ തീരുമാനത്തിൽ രാജ്യത്തെ പരമോന്നത നീതിപീഠമായ സുപ്രീം കോടതിക്ക് പോലും ഇടപെടാൻ സാധിക്കാത്ത വിധം വഖഫ് ട്രൈബ്യൂണലിനു അന്യായമായ അധികാരം നൽകുന്ന നിയമനിർമ്മാണം അന്നത്തെ കേന്ദ്രസർക്കാർ സൂത്രത്തിൽ നടത്തിയത് അറിയാതെ പോയതിൽ ലജ്ജിക്കുന്നു എന്ന് വിഷയാവതരണം നടത്തിയ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡന്റ് പ്രൊഫ. കെ എം ഫ്രാൻസിസ് മാസ്റ്റർ പറഞ്ഞു. അതിരൂപത ട്രഷറർ റോണി അഗസ്റ്റ്യൻ, വൈസ് പ്രസിഡന്റ് ലീല വർഗീസ്, ഡോളേഴ്സ് ഫൊറോന പ്രസിഡന്റ് ഷാനു ജോർജ് എന്നിവർ സംസാരിച്ചു.

അതിരൂപത ജനറൽ സെക്രട്ടറി കെ സി ഡേവിസ്, വൈസ് പ്രസിഡന്റ് അഡ്വ. ബൈജു ജോസഫ്, ജോയിന്റ് സെക്രട്ടറിമാരായ ആന്റോ തൊറയൻ, മേഴ്സി ജോയ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ഫാസിസ്റ്റ് ശക്തികൾക്ക് വളരാൻ ഇടതുപക്ഷം വഴിയൊരുക്കരുത്

തൃശൂർ: ഫാസിസ്റ്റ് ശക്തികൾക്ക് വളരാൻ ഇടതുപക്ഷം വഴിയൊരുക്കരുതെന്ന് വെൽഫെയർ പാർട്ടി ഓഫ് ഇന്ത്യ സംസ്ഥാന കൗൺസിൽ അംഗം കെ. എച്ച്. സദഖത്ത് ആവശ്യപ്പെട്ടു. കേരളത്തിൽ നിലവിൽ നിലനിൽക്കുന്ന മുനമ്പം വിഷയത്തിൽ അടക്കം ഇടതുപക്ഷ സർക്കാരിന്റെ നിലപാട് ബി.ജെ.പിയുടെ വളർച്ചക്ക് ആക്കം കൂട്ടുന്നുവെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

തൃപ്രയാർ സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ വെൽഫെയർ പാർട്ടി നാട്ടിക മണ്ഡലം സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നാട്ടിക മണ്ഡലം പ്രസിഡന്റ് വി. എ ഹാരിസ് അധ്യക്ഷത വഹിച്ച യോഗത്തിൽ പുതിയ മണ്ഡലം കമ്മിറ്റി നിലവിൽ വന്നു. തെരഞ്ഞെടുപ്പിന് സംസ്ഥാന കൗൺസിൽ അംഗം കെ. എ സദീഖ് നേതൃത്വം നൽകി.

പുതിയ മണ്ഡലം പ്രസിഡന്റ് ആയി പി.കെ അബ്ദുൽ ഗഫൂറിനെയും സെക്രട്ടറിയായി നസീഹുദ്ദീനെയും ട്രഷററായി റംല റഹ്മാനേയും തെരഞ്ഞെടുത്തു. തൃശ്ശൂർ ജില്ലാ വൈസ് പ്രസിഡന്റ് ഉമൈറ കെ.എസ് സമാപന പ്രസംഗം നടത്തി.

## ബസ്സ് ശരീരത്തിലൂടെ കയറിയിറങ്ങി സൈക്കിൾ യാത്രികൻ മരിച്ചു



കുന്നംകുളം : എരുമപ്പെട്ടി കുട്ടഞ്ചേരിയിൽ സൈക്കിൾ യാത്രക്കാരനായ വയോധികൻ ബസ്സിടിച്ച് മരിച്ചു. കുട്ടഞ്ചേരി കുന്നത്ത് നാരായണൻ കുട്ടി (78) യാണ് മരിച്ചത്. ബസ്സിന് സൈഡ് കൊടുക്കുമ്പോൾ സൈക്കിളിൽ നിന്നും റോഡിലേക്ക് വീണ ഇയാളെ ബസ്സിടിക്കുകയായിരുന്നുവെന്നു പറയുന്നു. ഇന്ന് രാവിലെ ഏഴ് മണിയോടെ നെല്ലുവായ് ഇട്ടോണം റോഡിൽ കുട്ടഞ്ചേരി പാടത്ത് വെച്ചാണ് അപകടം ഉണ്ടായത്. മിൽമയിലേക്ക് പാലുമായി പോയിരുന്ന ആളാണ് അപകടത്തിൽപെട്ടത്. ഉടൻ തന്നെ തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

## ഗുരുവായൂർ – പമ്പ കെ.എസ്.ആർ.ടി.സി നവം. 16 മുതൽ

ഗുരുവായൂർ : ഗുരുവായൂരിൽ നിന്ന് പമ്പയിലേക്ക് കെ.എസ്.ആർ.ടി.സി. സർവീസ് 16-നു തുടങ്ങും. രാത്രി ഏഴിനു പുറപ്പെടും. പിറ്റേന്ന് വെളുപ്പിനു മൂന്നിന് പമ്പയിലെത്തും. രാവിലെ ഒമ്പതിന് അവിടെനിന്ന് തിരിച്ച് വൈകീട്ട് 5.30-ന് ഗുരുവായൂരിലെത്തും. റിസർവേഷൻ തുടങ്ങി. 452 രൂപയാണ് യാത്രാക്കൂലി.

## ചേലക്കരയിൽ തൃശൂർ ആവർത്തിക്കും: സജി മഞ്ഞക്കടമ്പിൽ

ചേലക്കര: കേരളം ഭരിക്കുന്ന എൽഡിഎഫ് സർക്കാരിന്റെ ദുർഭരണത്തിനും, വഖഫ് വിഷയത്തിൽ യുഡിഎഫ് - എൽഡിഎഫ് കൈകോർത്ത് മുനമ്പം നിവാസികൾക്കെതിരെ സ്വീകരിച്ചിരിക്കുന്ന വഞ്ചനപരമായ നിലപാടിനുമെതിരെ ചേലക്കരയിലെ ജനാധിപത്യ വിശ്വാസികൾ എൻഡിഎ സ്ഥാനാർത്ഥിക്ക് അനുകൂലമായി വിധി എഴുതുമെന്നും, ചേലക്കരയിൽ തൃശൂർ ആവർത്തിക്കുമെന്നും കേരള കോൺഗ്രസ് ഡെമോക്രാറ്റിക്ക് ചെയർമാൻ സജി മഞ്ഞക്കടമ്പിൽ പറഞ്ഞു.

എൻഡിഎ വരവൂർ പഞ്ചായത്ത് നേതൃയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുക ആയിരുന്നു അദ്ദേഹം. മണ്ഡലം പ്രസിഡന്റ് ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ബി.ജെ.പി. മധ്യമേഖല പ്രസിഡന്റ് എൻ. ഹരി മുഖ്യപ്രസംഗം നടത്തി.

ചേലക്കര മണ്ഡലം എൻഡി എ സ്ഥാനർത്ഥി കെ ബാലകൃഷ്ണൻ, കേരള കോൺഗ്രസ് ഡെമോക്രാറ്റിക്ക് വർക്കിങ്ങ് ചെയർമാൻ ഡോ. ദിനേശ് കർത്ത, വൈസ് ചെയർമാൻ പ്രഫ. ബാലു ജി.വെള്ളിക്കര, ബി ജെ.പി. ജില്ലാ ട്രഷറർ അനീഷ് മാഷ്, കേരള കോൺഗ്രസ് ജില്ലാ പ്രസിഡന്റ് ഷാജു മഞ്ഞിലാ, ബി ജെ പി മണ്ഡലം പ്രസിഡന്റ് രാജ്കുമാർ, തുടങ്ങിയവർ പ്രസംഗിച്ചു.

## വിവാഹിതരായി

### ബിനു-അഡ്റീന

കുന്നംകുളം: സഹകരണ സംഘം സംഘടനാ നേതാവ് ആർത്താറ്റ് കുറ്റിക്കാട്ട് സുകുകെ. ഇട്ട്യേശന്റെയും - ബിന്ദു ബേബിയുടെയും മകൻ **ബിനുവും** കോട്ടക്കൽ പുതുപറമ്പ് ചെറുവത്തൂർ അനിൽ ഐപ്പ്-ഡിൻസി മകൾ **അഡ്റീനയും** വിവാഹിതരായി

### സുജിൻ-സുമി

എയാൽ: ആന്തോരു വളപ്പിൽ സുകുമാരൻ-അംബിക മകൻ **സുജിനും** പന്നിത്തടം നീണ്ടൂർ കുണ്ടുപറമ്പിൽ സുനിൽകുമാർ-പ്രിയ മകൾ **സുമിയും** വിവാഹിതരായി

## ദേശീയ ലോക് അദാലത്ത്: 6600 ഓളം കേസുകൾ തീർപ്പാക്കി

തൃശ്ശൂർ: ദേശീയ നിയമസേവന ദിനത്തിൽ ജില്ലാ നിയമസേവന അതോറിറ്റി സംഘടിച്ചിച്ച ദേശീയ ലോക് അദാലത്തിൽ ജില്ലയിലെ മജിസ്ട്രേറ്റ് കോടതികളിൽ കെട്ടിക്കിടന്ന പിഴ ഒടുക്കി തീർക്കാവുന്ന കേസുകൾ, വാഹനാപകട നഷ്ടപരിഹാര കേസുകൾ, ബാങ്ക്, സിവിൽകേസുകൾ, ഇലക്ട്രിസിറ്റി ഒ. പി. കൾ, മറ്റ് വിവിധ കേസുകൾ ഉൾപ്പെടെ 6600 ഓളം കേസുകൾ തീർപ്പാക്കി. 19.99 കോടി രൂപയുടെ വ്യവഹാരങ്ങളാണ് തീർപ്പാക്കിയത്.

ജില്ലാ പ്രിൻസിപ്പൽ ആന്റ് സെഷൻസ് ജഡ്ജ് പി സൈദലവി ജില്ലാ നിയമ സേവന അതോറിറ്റി സെക്രട്ടറിയും സീനിയർ ഡിവിഷൻ സിവിൽ ജഡ്ജുമായ സരിത രവീന്ദ്രൻ എന്നിവർ ജില്ലാ കോടതി സമുച്ചയത്തിൽ നടന്ന അദാലത്തിന് നേതൃത്വം നൽകി.

MACT ജഡ്ജായ മിനിമോൾ കെ.ടി, ജഡ്ജിമാരായ ശ്രീമതി മമത ടി കെ, ശ്രീദേവി കെഎം മുൻസിഫ് മാരായ ആൻ മേരി കുര്യാക്കോസ് മണലേൽ, അപർണ കെ.കെ എന്നിവർ പരാതികളിൽ തീർപ്പ് കൽപ്പിച്ചു.

## ഗവ.വൃദ്ധസദനത്തിലെ അച്ഛനമ്മമാർ ജില്ലാ ജഡ്ജിയെ കണ്ടു നന്ദി പറഞ്ഞു

തൃശ്ശൂർ: ജില്ലാ നിയമ സേവന അതോറിറ്റിയുടെ നിയമ സേവന ദിനാ ഷങ്ങളുടെ ഭാഗമായി രമവർമ്മപുരം ഗവൺമെൻറ് വൃദ്ധ മന്ദിരത്തിലെ അച്ഛനമ്മമാരെ ഉല്ലാസയാത്ര കൊണ്ടുപോയി. ഹോമിലെ 18 അച്ഛനമ്മമാരെയാണ് തുമ്പൂർ മുഴി ശലഭ ഉദ്യാനവും തൃക്കുപാലവും കാണാൻ സൗകര്യഒരുക്കിയത്. നിയമ സേവന അതോറിറ്റി ചെയർമാനും പ്രിൻസിപ്പൽ ജില്ലാ ജഡ്ജും ആയ പി പി സൈദലവിയും അതോറിറ്റി സെക്രട്ടറിയും സബ് ജഡ്ജുമായ സരിതാ രവീന്ദ്രൻ നിർദ്ദേശ പ്രകാരമാണ് ഉല്ലാസ് യാത്ര സംഘടിപ്പിച്ചത്. ഉല്ലാസയാത്രയ്ക്ക് സൗജന്യമായി വാഹനം നൽകിയത് തലോ ർ സ്വദേശിയായ നിജിത് യു മേനോൻ ആണ്. വൃദ്ധ മന്ദിരം സൂപ്രണ്ട് രാധിക മെഡിക്കൽ ഓഫിസർ അടക്കം ഒരു സംഘം തന്നെ ഉണ്ടായിരുന്നു.ഇതിന് നേതൃത്വം നൽകിയത് പാര ലീഗൽ വോളണ്ടിയർ മാരായ അമ്പിളി കെയും പുഷ്പവും ആണ്.

ഉല്ലാസയാത്രക്ക് നിറം പകരാൻ ഗവൺമെൻറ് ലോ കോളജ് വിദ്യാർത്ഥികളും കൂടി. അച്ഛനമ്മമാരുടെ ആഗ്രഹം ധന്യമാക്കിയ ജില്ലാ ജഡ്ജി യോടും സബ്ജഡ്ജിയോടും നന്ദി പറഞ്ഞു.

## നാടുണർത്തി പ്ലാറ്റിനം സഫറിന് പ്രൗഢോജ്വല സമാപനം

തൃശൂർ: 'ഉത്തരവാദിത്വം; മനുഷ്യപറ്റിന്റെ രാഷ്ട്രീയം' എന്ന പ്രമേയത്തിൽ നടക്കുന്ന എസ് വൈ എസിൻറെ പ്ലാറ്റിനം ഇയറിന് സമാപനം കുറിച്ച് സംസ്ഥാന കമ്മിറ്റി തൃശൂരിലെ ആമ്പല്ലൂരിൽ ഡിസംബർ 27,28,29 തിയ്യതികളിൽ നടത്തുന്ന കേരള യുവജന സമ്മേളനത്തിന്റെ പ്രചരണാർത്ഥം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്ലാറ്റിനം സഫർ പ്രൗഢമായി സമാപിച്ചു. ജാഥാ ക്യാപ്റ്റൻ വരവൂർ അബ്ദുൽ അസീസ് നിസാമിയും മുപ്പത് സ്ഥിരാംഗങ്ങളും 9 സോണിലെ 44 കേന്ദ്രങ്ങളിലെ ഊഷ്മളമായ സ്വീകരണങ്ങൾ ഏറ്റുവാങ്ങിയാണ് തൃശൂർ കോർപ്പറേഷൻ പരിധിയിലെ സമാപന സ്വീകരണ കേന്ദ്രത്തിലേക്ക് എത്തിചേർന്നത്. സമാപന സംഗമം സംസ്ഥാന പ്രവർത്തക സമിതിയംഗം പി.എച്ച് സിറാജുദ്ദീൻ സഖാഫി ഉദ്ഘാടനം നിർവ്വഹിച്ചു. ഹമീദ് തളിയപാടത്ത്,ഹാഫിള് സ്വാദിഖലി ഫാളിലി,പി എസ് എം റഫീഖ്, അമീർ തളിക്കുളം,ബശീർ അശ്റഫി ചേർപ്പ് എന്നിവർ സംബന്ധിച്ചു.

വിവിധ കേന്ദ്രങ്ങളിൽ കേരള മുസ്ലീം ജമാഅത്ത്, എസ് എം എ, എസ് ജെ എം, എസ് എസ് എഫ് ജില്ലാ സാരഥികൾ അഭിവാദ്യമർപ്പിച്ചു. 4 ദിനങ്ങളിലായി നടന്ന പ്ലാറ്റിനം സഫർ പദയാത്രക്ക് പി.യു ശമീർ,കെ. എ മാഹിൻ സുഹരി, വാഹിദ് നിസാമി എളവള്ളി,നിസാർ മാസ്റ്റർ കോതച്ചിറ എന്നിവർ നേതൃത്വം നൽകി. സമാപന ദിനത്തിൽ വടക്കാഞ്ചേരി,ചേലക്കര,തൃശൂർ സോണുകളിലെ 10 കേന്ദ്രങ്ങളിലാണ് സ്വീകരണം നൽകിയത്.


**COURT NOTICE**

**BEFORE THE HON'BLE CDRC, THRISSUR**

Abdul Majeed **CC. 536/2022** -Complainant

1) Kalyam Auto Electric Private Ltd., Flycon Tower, Paravattani, Thrissur-680005
2) Raju Vivin, Managing Director, Kalyam Auto Electric Private Ltd., Flycon Tower, Paravattani P.O,Thrissur-680005
3) Sobha Raju, Director, Kalyam Auto Electric Private Ltd., Flycon Tower, Paravattani P.O, Thrissur-680005
4) Vinod Raveendranathan, Director, S/o. Raveendranathan, Kuruppanpurambath House, Kalyam Auto Electric Private Ltd., Flycon Tower, Parav